# ചിത്രശലഭങ്ങൾ




## ആർ എൻ എം ഹൈസ്കൂൾ, നരിപ്പറ്റ

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

കെ.സുധീഷ്(പ്രധാനാധ്യാപകൻ)

## സ്റ്റാഫ് എഡിറ്റർ

വിശ്വനാഥൻ.ടി.പി(എസ്.ആർ.ജി.കൺവീനർ)

## സ്റ്റുഡന്റ് എഡിറ്റർ

അനാമിക

### അംഗങ്ങൾ

ഹംന മുബഷിറ
ഷിബിൻ ബാബു
അരുണിമ
മുനവ്വിറ
സമീറ(കൈറ്റ് മിസ്ട്രസ്)
ബാബുരാജൻ(കൈറ്റ് മാസ്റ്റർ)

# മുഖമൊഴി

വിവരസാങ്കേതിക മേഖലയിൽ വികസനത്തിൻറെ വിസ്മയങ്ങൾ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ വികാസത്തിലൂടെയാണ് നാം  കടന്നു പോയിക്കൊണ്ടിരിക്കുന്നത്. സ്വയം പ്രവർത്തക യന്ത്രമായ കമ്പ്യൂട്ടർ ഇന്ന് വിദ്യാർത്ഥി  കളുടെ സന്തതസഹചാരികളാണ്. വിരൽത്തുമ്പുകൊണ്ട് അറിവിൻറെ നവചക്രവാളങ്ങളിലേക്ക് നീന്തിതുഴയാൻ പറ്റുന്ന തരത്തിലാണ് നമ്മുടെ ക്ലാസ്സ് റൂമുകളും പുതിയ പാഠ്യപദ്ധതികളും. പ്രവർത്തനത്തിലൂന്നിയ ക്ലാസ്സ് മുറികൾ വിരസതയകറ്റുകയും വിദ്യാർത്ഥിക ളിൽ നവോന്മേഷത്തിന്റെ പെയ്തിറങ്ങുകയും ചെയ്യുന്നു.ലോകത്തോടൊപ്പവും കാലത്തോടൊപ്പവും അറിവിൻറെ ലോകത്ത് കുട്ടികൾ ചിത്രശലഭങ്ങളായി പാറിനടക്കുന്നു. പുഴുവിന് ചിറകുവെച്ച് വർണ്ണശലഭങ്ങളായി മാറുന്നത് പോലെ തികച്ചും സ്വാഭാവികമായാണ് വിദ്യാർത്ഥികളിൽ മാറ്റങ്ങൾ സംഭവിക്കുന്നത്. നാളേകളിലേക്ക് പറന്നേറാൻ വെമ്പുന്ന കുട്ടികളുടെ നേതൃത്വത്തിൽ "ചിത്രശലഭങ്ങൾ" മാസിക പുറത്തിറക്കുമ്പോൾ അറിഞ്ഞോ അറിയാതേയോ ചരിത്രത്തിൽ ഒരു അടയാളം തീർക്കുകയാണ് ഞങ്ങൾ.......

ചീഫ് എഡിറ്റർ

# ഉള്ളടക്കം


| | |
|---|---|
| ചരിത്രത്താളുകളിൽ RNMHSS NARIPPATTA | -05 |
| പ്രവേശനോത്സവം | -07 |
| എലിപ്പനി ബോധവത്ക്കരണ ക്ലാസ് | -08 |
| അയൽപക്കത്തൊരു മരം | -09 |
| അവാർഡ് ദാനവും അനുമോദനവും | -10 |
| നവപ്രഭ | -11 |
| യുദ്ധ വിരുദ്ധ റാലി | -12 |
| അധ്യാപക ദിനം | -13 |
| INDEPENDENCE DAY | -14 |
| സ്കൂൾ പാർലിമെന്റ് ഉദ്ഘാടനം | -15 |
| കൂൺകൃഷി | -16 |
| ENGLISH FEST | -17 |
| SPORTS DAY | -18 |
| അനുമോദനം | -19 |
| പഠനയാത്ര | -20 |
| മലയാളത്തിളക്കം | -21 |
| ജില്ലാ ശാസ്ത്രമേള | -22 |

കഥാകൃത്തായ ഞങ്ങളുടെ വിശ്വൻ മാഷ് -23
അലിഫ് ടാലന്റ് ടെസ്റ്റ് -24
അണ്ടർ 17 -25
ചാന്ദ്രദിന ക്വിസ്സ് -26
സുബ്രദോ മുഖർജി കപ്പ് ഫുട്ബോൾ -27
മാറുന്ന കേരളം -28
ജീവിതം -28
അടുക്കളക്കാര്യങ്ങൾ -29
വേനൽ -31
നോവുനീര് -32
ജലക്ഷാമം -33
അനുഭവക്കുറിപ്പ് -34
പഠനയാത്ര -37
പടവുകൾ -38
ഇലഞ്ഞി മുത്തച്ഛൻ -40
തമിഴ്നാട്ടിൽ ഓഖി ചുഴലിക്കാറ്റ് -53
ദുരന്ത കേരളം -54
നിപ്പ ഇനി വരാതിരിക്കട്ടെ -55
നീലക്കുറിഞ്ഞി പൂത്തപ്പോൾ -56

IXA യിലെ സുഹ്റയുടെ ജ്യോമട്രിക്കൽചാർട്ട് -57
മറക്കാനാവാത്ത സംഭവങ്ങൾ -58
ഗൈഡ് യൂണിറ്റ് -59
ലിറ്റിൽ കൈറ്റ്സ് -61
ജെ ആർ സി യൂണിറ്റ് -62
സജീവ സാന്നിദ്ധ്യം -63
ക്രിയാത്മകത -64
പഴമയുടെ പ്രൗഢികൾ -65
SSLC 2018 FULL A+ -66
INCULCATE,NMMS വിജയികൾ -67
ഹിന്ദി ഭാഷാ ദിനം -68
നന്ദി -69





## ആശംസകൾ

ഡിജിറ്റൽ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.അത്കൊണ്ട് തന്നെ ഈ ലോകത്ത് പ്രന്നയരണമെങ്കിൽ കമ്പ്യൂട്ടർ പരിജ്ഞാനം അത്യാവശ്യമാണ്.ഡിജിറ്റൽ ലോകത്ത് പറന്നയർന്നു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റുകളുടെ ആദ്യ ചുവടുവെയ്പ്പായ ചിത്രശലഭം എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ചീഫ് എഡിറ്റർ(HM)





## ചരിത്രത്താളുകളിൽ

## ആർ.എൻ.എം.എച്ച്.എസ്.എസ് നരിപ്പറ്റ

1982 ജൂൺ 28 ന് കേരളത്തിൻറെ അന്നത്തെ കൃഷിവകുപ്പ് മന്ത്രിയായിരുന്നശ്രീ.സിറിയക് ജോൺ ഞങ്ങളുടെ സ്കൂൾ ഉദ്ഘാടനം ചെയ്തു.

## ഹെഡ്മാസ്റ്റർമാർ:-

- ശ്രീ. ശ്രീധരൻ മാസ്റ്റർ
- ശ്രീ. നാരായണൻ മാസ്റ്റർ
- ശ്രീ. മേരിക്കുട്ടി ജോസഫ് ടീച്ചർ
- ശ്രീ. ബാലചന്ദ്രൻ മാസ്റ്റർ
- ശ്രീ. നാസർ മാസ്റ്റർ
- ശ്രീ.മോഹൻദാസ് മാസ്റ്റർ
- ശ്രീ. പി.രാധാകൃഷ്ണൻ മാസ്റ്റർ
- ശ്രീ. സുധീഷ് മാസ്റ്റർ

കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോരമേഖലയിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആർ.എൻ. എം.എച്ച്. എസ്.എസ് ഞങ്ങളുടെ സ്കൂൾ ശാസ്ത്രസാങ്കേതിക രംഗങ്ങളിലും കലാകായികരംഗങ്ങളിലും ഉന്നതസ്ഥാനത്ത് എത്തിയ പ്രതിഭാശാലികളെ സൃഷ്ടിട്ടിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് ഉന്നതസ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുന്ന ഡോക്ടർമാരും സ്കൂളിൻറെ സംഭാവനയാണ്. അതുപോലെ പ്രഗൽഭരായ ഒരുപാട് അധ്യാപകരേയും സാഹിത്യരംഗത്ത് വ്യക്തിമുദ്രപതിപ്പിച്ചവരും സ്കൂളിൻറെ സൃഷ്ടിയാണ് എന്നത് സ്കൂളിൻറ അഭിമാനമാണ്. ഒരുകാലത്ത് 1700 ഓളം വിദ്യാർത്ഥികൾ ഉണ്ടായിരുന്ന ഞങ്ങളുടെ സ്കൂളിൽ. എന്നാൽ ഇന്ന് കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞത് ആശങ്ക സൃഷ്ടിക്കുന്നു. ഹൈസ്കൂളിനോടൊപ്പം ഹയർസെക്കന്ററികൂടിസ്ഥാപിതമായത്പിന്നോക്കമേഖല യിലെ പഠിതാക്കൾക്ക് അനുഗ്രഹമാണ്. ചുരുക്കത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു നാഴികക്കല്ല് തന്നെയാണ് ആർ.എൻ.എം എന്ന അക്ഷരകേന്ദ്രം.

ചീഫ് എഡിറ്റർ

# പ്രവേശനോത്സവം - 2018

ആർ എൻ എം ഹയർ സെക്കണ്ടറി സ്കൂൾ 2018-19 ലെ പ്രവേശനോത്സവം ജൂൺ 12 ചൊവ്വാഴ്ച നടന്നു. സ്കൂൾ ഹെഡ്മാസ്റ്റർ കെ സുധീഷ് മാസ്റ്റർ സ്വാഗതം പറഞ്ഞു - വാർഡ് മെമ്പർ പ്രഭാകരൻ തോട്ടുങ്കര യുടെ അധ്യക്ഷതയിൽ നരിപ്പറ്റ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി.പി പവിത്രൻ ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡണ്ട് കെ.ചന്ദ്രൻ ,ടി.പി വിശ്വനാഥൻ പി.എ വിനോദിനി, പി ടി എ മെമ്പർ നിഷ എന്നിവർ ആശംസകൾ നേർന്നു. ടി സുരേഷ് നന്ദി രേഖപ്പെടുത്തി. പ്രവേശനോത്സവത്തിന് ശേഷം പായസവിതരണവും നടന്നു:



# നരിപ്പറ്റ പി.എച്ച്.സിയുടെ എലിപ്പനി ബോധവൽകരണ ക്ലാസ്



# അയൽപക്കത്തൊരു മരം

ആർ.എൻ ഹൈസ്കൂളിൽ
പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി
'അയൽപക്കത്തൊരു മരം 'പദ്ധതി നടപ്പാക്കി.
സ്കൂളിനടുത്തുള്ള മണ്ണംകണ്ടി നാണുവിന്റെ
തൊടിയിൽ വേപ്പുമരംനട്ടു.



# നവപ്രഭ




ഒമ്പതാം ക്ലാസിലെ പഠനപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലേക്ക് കൊണ്ട് വരാനുള്ള ഒരു പദ്ധതി.



# യുദ്ധവിരുദ്ധ റാലി

ഹിരോഷിമ ദിനത്തിൽ യുദ്ധവിരുദ്ധ റാലി സുധീഷ് മാഷ് ഫ്ലാഗ് ഓഫ് ചെയ്യുന്നു.



# INDEPENDENCE DAY



# അധ്യാപക ദിനം

ജെ.ആർ.സി കേഡറ്റുകൾ അധ്യാപകർക്ക് ആശംസകൾ നേരുന്നു.




ആർ.എൻ.എം. ഹൈസ്കൂൾ നരിപ്പറ്റ
അനുമോദനം
സംസ്ഥാന അധ്യാപക അവാർഡ് ജേതാവായ
നമ്മുടെ പൂർവ്വ അധ്യാപകൻ
ശ്രീ. രാജ്കുമാറിന്
സെപ്തംബർ 29 ശനി

# സോഷ്യൽസയൻസ് ക്ലബ്ബ്










# കൂൺ കൃഷി-പ്രവൃത്തി പരിചയ ക്ലബ്




ENGLISH FEST
Palpitation of X°C
Mothers Love
Poetry is the Spontanious overflow of Powerful feelings, it takes its origin from emotions recollected in tranquility
ENGLISH FEST

# SPORTS DAY















അവാർഡ് ദാനവും
അനുമോദനവും 2018


RNMHS
നരിപ്പറ്റ
പ്രവൃത്തി പഠന ക്ലബ്ബിന്റെ
ആഭിമുഖ്യത്തിൽ ക്രാഫ്റ്റ് വില്ലയിലേക്കുള്ള
പഠനയാത്ര
KL 38 G 4545

# മലയാളത്തിളക്കം

പഠനപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പിടിച്ചുയർത്താനുള്ള ശ്രമം.അതീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുത്തു.കുട്ടികൾ നന്നായി ആസ്വദിച്ചു.



# ജില്ലാ ശാസ്ത്രമേളയിൽ ഞങ്ങളുടെ സാന്നിധ്യം




## സ്റ്റിൽമോഡൽ

4th A grade




## project

4th A grade

# കഥാകൃത്തായ ഞങ്ങളുടെ വിശ്വൻ മാഷ്

മലയാളം അധ്യാപകനായ ശ്രീ വിശ്വനാഥൻ.ടി.പി നല്ലൊരു കഥാകാരൻ കൂടിയാണ്.2018 ലെ ആർ.കെരവിവർമ്മ പുരസ്കാരം അദ്ദേഹത്തിന്റെ ആകാശഗോപുരം എന്ന പുസ്തകത്തിനായിരുന്നു.സാഹിത്യത്തിൽ അദ്ദേഹം വിശ്വനാഥൻ വടയം എന്നറിയപ്പെടുന്നു.








കുന്നുമ്മൽ സബ്ജില്ല
അലിഫ് ടാലന്റ് ടെസ്റ്റ്
ഒന്നാം സ്ഥാനം
മുനവ്വിറ പി.കെ
അഭിനന്ദനങ്ങൾ
ആർ.എൻ.എം. ഹൈസ്ക്കൂൾ, നരിപ്പറ്റ



അണ്ടർ 17
ജില്ലാക്രിക്കറ്റ് ടീമിലേക്ക് സെലക്ഷൻ ലഭിച്ച
ആർ.എൻ.എം.എച്ച്.എസ്.എസ്.
10–ാം ക്ലാസ് വിദ്യാർത്ഥിയും
നരിപ്പറ്റ സ്വദേശിയുമായ
അതുൽ സാരംഗിന്
ജന്മനാടിന്റെ
അഭിനന്ദനങ്ങൾ


ചാന്ദ്രദിന ക്വിസ്
കുന്നുമ്മൽ സബ്ജില്ല
ഒന്നാം സ്ഥാനം
ലഹിൻ സലീം
അഭിനന്ദനങ്ങൾ
ആർ.എൻ.എം. ഹൈസ്ക്കൂൾ, നരിപ്പറ്റ

# ഹൈസ്കൂൾ വിഭാഗം

# സുബ്രദോ മുഖർജി കപ്പ് ഫുട്ബോൾ

## ജില്ലാതല ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ യോഗ്യത നേടിയ ടീം




# ആർ.എൻ.എം. ഹൈസ്കൂൾ, നരിപ്പറ്റ

*ആർ . എൻ . എം. എച്ച് . എസ് . നരിപ്പറ്റയിൽ പഠിച്ച ഷിഞ്ചു .പി 2012 ന് എഴുതിയ "നേരുനിറയുന്ന മൗനം "എന്ന ഒരു ചെറിയ ഒരു കവിത പുസ്തകതിൽ നിന്ന് ഒരു ചെറിയ ഭാഗമാണ് മാറുന്ന കേരളവും ജീവിതവും എന്ന കവിത*

## *മാറുന്ന കേരളം*

നാടായി കണ്ടൊരു കേരദൈവത്തിൻ
ഇന്ന് വെറുമൊരു സ്വപ്നമല്ലോ
ഒന്നിച്ച വേലയെടുത്തൊരു വയലെല്ലാം
ഇന്നിന്റെ പാഴ്മരുഭൂമിയല്ലോ
ഒരു ശീട്ട് കൊട്ടാരം കെട്ടു പോലിന്ന്
സ്വപ്നത്തിൻ കൊട്ടാരം കെട്ടിടുന്നു
കേരളത്തനിമയേ സുന്ദരമാക്കുന്ന
ഒരു കലാ രൂപമിന്നിവിടെ ഇല്ല
അമ്പലവുമില്ല ആൽത്തറയുമില്ല
കുടിയിരിക്കാൻ ഇന്ന് ദൈവം ഇല്ല
പൂക്കളുമില്ലിന്ന് പൂമ്പാറ്റയുമില്ല
കളം കളം പാടുന്ന പുഴയും ഇല്ല

## ജീവിതം

സ്വപ്ങ്ങൾ നെയ്യുവാൻ
ദുഃഖം മറയ്ക്കുവാൻ
മനസ്സിൽകുളിരായി ഈപ്രപഞ്ചം
തരള സംഗീതമായ് ഒഴുകും പുഴ ഇന്ന്
നിലയ്ക്കാത്ത ജീവിതം എന്ന പോലെ
അലതല്ലി ഉയരുന്ന ആഴിയും ഇതുപോലെ
നിലയ്ക്കാത്ത ബന്ധങ്ങളെന്നപോലെ
അഞ്ചിതളായ്ക്കാണും സുന്ദരപുഷ്പങ്ങ
ജീവിത ഘട്ടങ്ങളെന്നപോലെ
ശൈശവം ആണെന്ന താരാട്ടുകേൾപ്പിച്ച
ബാല്യത്തോടൊപ്പം ഞാൻ ഓടിക്കളിച്ച
കൗമാരം എന്നെ സ്വപ്നങ്ങൾ കാണിച്ച
യൗവ്വന ജീവിതം എന്തെന്നറിഞ്ഞു ഞാൻവാർദ്ധക്യമോ

ആർ.എൻ.എം.ഹൈസ്കൂളിലെ മുൻഅധ്യാപകനായിരുന്ന ബാലകൃഷ്ണൻ മൊകേരിയുടെ കന്യാസ്ത്രീകൾ എന്ന കവിതാസമാഹാരത്തിലെ അടുക്കളക്കാര്യങ്ങൾ എന്ന കവിത

# അടുക്കളക്കാര്യങ്ങൾ

ഇതാണ് അടുക്കള
വീട്ടിലെ പ്രധാന മുറി
കാടുകൾക്കപ്പുറത്ത്
പുലരി വിരിയുന്നത് കാണാൻ ജനലുണ്ട്,
വടക്ക്,ഹിമാലയത്തിൽ നിന്നരുകുന്ന
പഴയ കാറ്റിനൊഴുകാനും
വഴിയൊരുക്കീട്ടുണ്ട്
'നളപാക'മായാലും
അവളിൽ നിന്നുയരുന്ന പുകയ്ക്ക് പടർന്നു കയറാൻ,
അനന്തതയിൽ വിലയിക്കാൻ,
'ചിമ്മിനി' പ്രത്യേകമുണ്ട്.
നിത്യപൂജയ്ക്ക് ' അടുക്കളദൈവമുണ്ട്,
ഉരലിൽ പൊടിഞ്ഞു ചേർന്നില്ലെങ്കിൽ
അരഞ്ഞു തീരാനമ്മിയുണ്ട്,
പതം വരാനലക്കുകല്ലും
പരാതി പറയാനടുക്കളപ്പൂച്ചയും
അടുത്തു തന്നെയുണ്ട്.
പാതാളത്തിൻെറ സ്പന്ദനമറിയാൻ

കിണറും ഒരുക്കിയിട്ടുണ്ട്!
തട്ടുവാനും മുട്ടുവാനും
കലവും കുടുക്കയുമുണ്ട്!
നനച്ചുതുടയ്ക്കാൻ തറയും
കഴുകി രസിക്കാൻ പാത്രശതങ്ങളുമുണ്ട്!
നടുവു നിവർത്താനടുക്കളത്തിണ്ണ
പ്രത്യേകമുണ്ട്.
ഊൺ മുറിയിലേക്കും
കുളിമുറിയിലേക്കും
കിടപ്പുമുറിയിലേക്കും
എളുപ്പവഴികളുമുണ്ട്
അടുക്കളക്കലഹത്തിന് അമ്മായിയമ്മയും,
ആകുലതയുടെ ഐസ്ക്രീം തീർക്കാൻ
റഫ്രിജറേറ്ററുമുണ്ട്,
കണ്ണീരിൻെറ ചാനൽ തുറക്കാൻ
ദൂരദർശൻ കാഴചപ്പുറത്തുണ്ട്
അറ്റകൈക്കുപയോഗിക്കാനായി
മണ്ണെണ്ണയും ഗ്യാസ് സിലിണ്ടറുമുണ്ട്!
കൂട്ടതയ്യാറായി-
കൂടിനിണങ്ങിയൊരു മൃഗം വേണമിനി
(അതിനായല്ലോ ഞാൻ പ്രണയ വലയുമായ് നായാട്ടു
തുടരുന്നു).

RNMHS സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനി ഗോപിക പ്രമോദ് എഴുതിയ കവിത

# വേനൽ

താളങ്ങൾ തകരു
വളരുന്ന കവിതകൾ
കനവിൻെറ പാടവും
കനലായ്........

ഒരു തുള്ളിവെള്ളത്തിനായി
കൊതിച്ചവർ
ശാപവാക്കോതുന്നു
ഭൂമി വറ്റിച്ചതിൽ...
കുറ്റമേറ്റിന്നെൻെറ
ഹൃത്തടം നീറുന്നു
ഹിമവാതമേ-
യണഞ്ഞെങ്കിൽ
സൂര്യൻെറ കണ്ണിലെ
ദാഹവും ബാക്കിയായ്

തേങ്ങലോട്ടുരുച്ചുറ്റുന്നു....
വരളുന്ന തൊണ്ടയിൽ
പൊള്ളുന്ന വാക്ക്
കരിയുന്ന നാമ്പുകൾ
വിരിയുവാൻ വെമ്പുന്നു

# നോവു നീര്

നിൻ ഹൃദയവേഷത്തിലൊന്ന്
വേദനാത്മകമായ നിമിഷം
നിൻ നെടുവീർപ്പിലുണരും
നോവിൻ മാരുതൻ
സന്തോഷ നിമിഷത്തിനൊളിവിൽ
മറഞ്ഞിരിക്കും നിൻ ഘാതകൻ
സ്നേഹ ലാളനത്തിനിടയിൽ
നുഴഞ്ഞു കയറും നിൻ സന്താപം
ഉപ്പു ചുവയ്ക്കും മഴ........
നോവു നീരിൻ മഴ........
മുനവ്വിറ

# ജലക്ഷാമം

വേനലിൻ ചൂടിൽ കത്തികരിയുമ്പോൾ

മഴയെന്നൊരേ യൊരാ സ്വപ്നം മനസ്സിൽ

ഒരു ചെറു മഴയെങ്ങാനും പെയ്യുകിൽ

ഒരുന്നൂറു സമ്പാദ്യം ഉള്ളതു പോൽ

ദൈവമേ നീ കെടുത്തല്ലേ

ജലമെന്നൊരീ ധർമ്മമീ മണ്ണിൽ

നെഫ്രെ ഷെറിൻ IX A

# അനുഭവക്കുറിപ്പ്

## സ്കൂൾ പഠന യാത്ര

സൗഹൃദത്തിന്റെ ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിച്ച കലാലയജീവിതത്തിന്റെ അവസാനനാളുകളിലേക്ക് അടുക്കുമ്പോഴായിരുന്നു. സ്കൂൾ പഠനയാത്ര .

"ദി റോക്കിംഗ്സിറ്റി ബാംഗ്ലൂർ...." എല്ലാവർക്കും വലിയ ആവേശമായിരുന്നു. സ്വപ്നങ്ങൾക്കു ശേഷം നവംബർ 27 ന് യാത്ര തുടങ്ങി.രാത്രി 8.30 ന് ഞങ്ങൾ യാത്ര പുറപ്പെട്ടു. ആഹ്ലാദത്തോടുകൂടി കൂട്ടുകാർക്കൊപ്പം ബസ്സിലേക്ക് കയറി. മൂന്നു ബസ്സുകളിലായിരുന്നു യാത്ര. ബസ്സിലെ പാട്ടിൻറ താളത്തിനൊപ്പം ഞങ്ങളുടെ കാലുകൾ ചലിച്ചു. പന്ത്രണ്ടുമണിയായതോടെ ഉത്സാഹത്തിൻറ വീര്യം കുറഞ്ഞു.സീറ്റുകളിൽ ഇരുന്ന് ഉറങ്ങി. ആറുമണിയായതോടെ ഞങ്ങളെഴുന്നേറ്റു. കുറേ ദൂരം സഞ്ചരിച്ച തിനു ശേഷം ഞങ്ങൾ ഹോട്ടലിലെത്തി. കുളിച്ചു വൃത്തിയായതിനു ശേഷം ഭക്ഷണം കഴിച്ചു.

ആദ്യയാത്രസ്നോസിറ്റിയിലേക്കായിരുന്നു.പതിനൊന്നു മണിക്കായിരുന്നു അവിടെ കയറാൻ ഞങ്ങൾക്കനുവദിച്ച സമയം. 10.30 ന് അവിടെയെത്തി.സമയമായപ്പോൾ

ജാക്കറ്റും ഷൂസും ഞങ്ങൾക്കവിടെ നിന്നും കിട്ടി. അതും ധരിച്ച് അകത്തുകയറിയപ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത അനുഭവം ആയിരുന്നു എനിക്ക്. അവിടെ മഞ്ഞ് മൂടിയ സ്ഥലമായിരുന്നു കുറെ ആളുകളും , ഞങ്ങളും കയറി മഞ്ഞ് വാരിയെറിയുകയും സ്ലൈഡ് ചെയ്യുകയും ചെയ്തു. മണിക്കൂറുകൾക്ക് ശേഷം ഞങ്ങൾ പുറത്തേക്ക് വന്നു. തണുത്ത് വിറച്ച് കാലുകൾ ചലിപ്പിക്കാനാവാതെ അൽപ്പനേരം അവിടെ ഇരുന്നു. ഉച്ചഭക്ഷണം അവിടെ നിന്നായിരുന്നു.

ഒരു നീണ്ട യാത്രയ്ക്കുശേഷം ഞങ്ങൾ ബന്നാർഗട്ടിൽ എത്തി , അവിടെയുള്ള ഓരോ ബസ്സുകളിലായി കയറിയിരുന്നു, യാത്ര തുടങ്ങി . പലപല മൃഗങ്ങൾ ബസ്സിനടുത്തേക്ക് വന്നു. മൂന്ന് സിംഹങ്ങൾ റോഡിൽ കിടന്നതോടെ യാത്ര തടസ്സപ്പെട്ടു.അതിനുശേഷം കടുവയെയും കണ്ടു . അവിടുത്തെ യാത്രകൾക്കുശേഷം ഞങ്ങൾ പോയത് ഇസ്ക്കോ ക്ഷേത്രത്തിലാണ് പക്ഷേ അവിടെ ഞങ്ങൾ മൂന്ന് പേർ മാത്രമേ കയറിയിരുന്നുള്ളൂ വളരെ വ്യത്യസ്തമായിരുന്നു ഇസ്ക്കോ ക്ഷേത്രം . അവിടുത്തെ കാഴ്ച്ചകൾ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. ഭക്ഷണം കഴിക്കാനായി ഹോട്ടലിൽ പോയി പിന്നീട് റൂമിലേക്കും

കുളിയൊക്കെ കഴിഞ്ഞപ്പോഴേക്കും ഒരു മണിയായി .
രാവിലെ ആറ് മണിക്ക് എഴുന്നേറ്റ് റെഡിയായി ഭക്ഷണം
കഴിച്ച് വണ്ടർനയിലേക്ക് യാത്രയായി.ബസ്സിലെ
യാത്രയ്ക്കിടക്കിടയിൽ അന്താക്ഷരി കളിച്ചു. ജയശ്രീടീച്ചറുടെ
മനോഹരമായ പാട്ടിലൂടെ ഞങ്ങൽ വണ്ടർലയിലെത്തി.
ഡ്രസ്സ് മാറ്റി
ഓരോ റൈഡുകളിലായി കയറി.ഉച്ചയ്ക്ക് ഒരു മണിക്ക്
റസ്റ്റോറന്റിൽ എത്താനായിരുന്നു നിർദ്ദേശ്ശം. അവിടെ
നിന്ന് ഉച്ചഭക്ഷണം കഴിച്ചു.പിന്നീട് ഞങ്ങൽ
വെള്ളത്തിലേക്കിറങ്ങി. ശിൽപ ടീച്ചറും ജ്യോൽസ്ന ടീച്ചറും
ഞങ്ങളോടൊപ്പമുണ്ടായിരുന്നു.പിന്നീട് റെയിൻ ഡാൻസ്.
എല്ലായിടവും പോയി കണ്ടു.തിരിച്ചുപോകേണ്ട
സമയമായി.ഡ്രസ്സ് മാറ്റി. അതിനു ശേഷം ഞങ്ങളെല്ലാം
ഐസ്ക്രീം വാങ്ങി കഴിച്ചു. പിന്നീട് മൈസൂരിലേക്ക്
യാത്രതിരിച്ചു. പർച്ചേസിനു വേണ്ടി രണ്ടു മണിക്കൂർ സമയം
തന്നു.ഭക്ഷണത്തിനു ശേഷം സ്കൂളിലേക്ക് മടങ്ങി.
ആറുമണിയോടുകൂടി സ്കൂളിലെത്തി. വർണ്ണപ്പകിട്ടാർന്ന
നിമിഷങ്ങൾ ഓർമകളായി മാറി........

ഗായത്രി x A

# പഠനയാത്ര














# പടവുകൾ

ചവിട്ടി കയറിയ പടവുകൾ അയാൾ എണ്ണാൻ തുടങ്ങി
അമ്മയുടെ മാറോട് പറ്റിക്കിടന്ന്  മുലപ്പാലുണ്ട ഒന്നാം പടവ്......

ഹരിശ്രീയുടെ മധുരവും നോവും നാവിൻതുമ്പിൽ തത്തിക്കളിച്ച രണ്ടാം പടവ്......

ബന്ധുക്കളുടെയും കൂട്ടുകാരുടേയും സ്നേഹം നിലാവായ് ഏറ്റുവാങ്ങിയ സുന്ദര പടവുകൾ......

പഠിച്ച് വളർന്ന് ജോലിനേടി നാവിലൂറിയ മുലപ്പാൽ മധുരം മറന്ന് അച്ഛനമ്മമാരൊരുക്കിയ സുരക്ഷിതത്വത്തിന്റെ തണൽ മറന്ന്....

തന്ത്രങ്ങളും മന്ത്രങ്ങളുമായ് ഭാര്യ നിറഞ്ഞാടിത്തുടങ്ങിയപ്പോൾ ചവിട്ടിക്കയറിയ പടവുകളിൽ പെയ്തിറങ്ങിയത് ഇരുളലകൾ....

ഒടുവിൽ അച്ഛന് ഉദകക്രിയ ചെയ്യുമ്പോൾ ഉള്ളിലെവിടെയോ കരയാത്ത നിലവിളികൾ അയാളിൽ കനത്ത് നിൽക്കുകയായിരുന്നു.

നഗരത്തിലെ ഫ്ലാറ്റിൽ അമ്മയെ കൂട്ടിക്കൊണ്ടു

വരുന്നതിൽ തടശിലയായി നിന്നത് ശ്രീമതി.
ഒറ്റയ്ക്കായ വൃദ്ധ,വീട്ടിൽ മരിച്ച് പുഴുവരിച്ച വാർത്ത
തേങ്ങലോടെയാണയാൾ വായിച്ചത്. എന്നിട്ടും
ഭാര്യയുടേയും മക്കളുടേയും മുന്നിലയാൾ......

മക്കളും വളരുകയാണ്, അവർ
നാളെ തന്നേക്കാൾ ഉയരത്തിൽ എത്താതിരിക്കില്ല.
ഇനി മുന്നോട്ടുള്ള പടവുകളിൽ എവിടെ
വച്ചായിരിക്കും.അയാളും ഉപേക്ഷിക്കപ്പെടുക..

.വിശ്വനാഥൻമാഷ്

# ഇലഞ്ഞി മുത്തച്ഛൻ

## ഒന്ന് - സമ്മാനം

രാവിലെ ഇലഞ്ഞിപ്പൂ പെറുക്കാൻ ഇറങ്ങുമ്പോൾ അമ്മ ഓർമ്മിപ്പിച്ചു. "ശിൽപേ ഇലഞ്ഞിമരച്ചോട്ടിൽ പാ മ്പുണ്ടാകും. ശ്രദ്ധിക്കണം. മാത്രമല്ല പരീക്ഷ അടുത്തതാ വേഗം വന്ന് പഠിക്കണം."

"വേഗം വരാമ്മേ.ലേഖയും അരുണും കുറേ നേരായ് വിളിക്കുന്നു. ഇനിയും വൈക്യാൽ അവരെന്നെ കൂട്ടാതെ പോയ്ക്കളയും."

അമ്മ പിന്നീടൊന്നും പറഞ്ഞില്ല.

പഠനകാര്യങ്ങളിൽ മോളു മിടുക്കിയാണെന്ന് അമ്മയ്ക്കറിയാം

ഓരോ പരീക്ഷ കഴിയുന്തോറും നല്ല മാർക്കോടെ ക്ലാസ്സിൽ ഒന്നാം സ്ഥാനത്തെപ്പോഴും ശിൽപ തന്നെയായിരിക്കും.

ശിൽപ ചെല്ലുമ്പോൾ ഇലക്കുമ്പിളുമായി അരുണും ലേഖയും പൂ പെറുക്കാൻ യ്യാറായി കഴിഞ്ഞിരുന്നു.

ദിനകരേട്ടന്റെ ഒരുപാട് പഴക്കം ചെന്ന വീട്ടിനടുത്ത് ആർക്കും കയറിപ്പറ്റാൻ കഴിയാത്രത്ത ഉയരത്തിൽ ആകാശത്തിൽ മുത്തമിട്ടു കൊ് ഇലഞ്ഞിമുത്തച്ഛൻ.

ദിനകരേട്ടനും നന്ദിനിച്ചേച്ചിയും മകൻ രാഹുലും വിദേശ ത്താണ്. ഇടയ്ക്കെപ്പോഴെങ്കിലുംഅവർ നാട്ടിൽ വരും.കഴിഞ്ഞതവണ വന്നപ്പോൾ അമ്മയും ശില്പയും അപ്പുവും കൂടി അവരുടെ വീട്ടിൽ പോയിട്ടു്.

ഒരുപാട് മുറികളുള്ള പകൽപോലും ഇരുട്ട് നിറഞ്ഞാടുന്ന വീട്.

വീട്ടിമരത്തിലും തേക്കിലും പണിത അലമാരകൾ...വലിയ പ ത്തായങ്ങൾ...ഓട്ടുരുളിയും ചെമ്പുകളും..........

കൊത്തുപണികളുള്ള കോണിപപ്ടികളിലൂടെ അമ്മയും ശിൽപയും അപ്പുവും നന്ദിനിച്ചിച്ചിയൊടൊത്ത് വീടിന്റെ മുകൾ നിലയിലേക്ക് കയറി.

ഏറെക്കാലം അടച്ചിട്ടതിനാലാവാം വല്ലാത്തൊരു ഗന്ധം.

പ്രാവുകളും വാവലുകലും എലികളും പകൽപോലും നിർഭയം സഞ്ചരിക്കുന്നത് കപ്പോൾ ക്ലാസ്സിൽ യശോധരൻമാഷ് പറഞ്ഞു തന്ന

ബൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കഥ

ശിൽപ ഓർമ്മിച്ചു.

ശ്രീജേ ഗോപൻ അടുത്തെങ്ങാൻ നാട്ടിൽ വന്നിരുന്നോ.

അച്ഛനെക്കുറിച്ചാണ് നന്ദിനിച്ചേച്ചി അന്വേഷിച്ചത്.

ആറേഴ് മാസായി വന്ന് പോയിട്ട്

മോളിപ്പം ഏത് ക്ലാസ്സിലെത്തി ശ്രീജേ.

ഏഴാം ക്ലാസ്സിലാ

അപ്പൂനെ സ്കൂളിൽ ച്ർത്തോ

അടുത്ത കൊല്ലം ചേർക്കണം.നേഴേസറീപ്പോണ്ിപ്പം

ശിൽപേ നന്നായി പഠിക്കണം.പഠിച്ച് പഠിച്ച് വല്യാളാവണം.

അവൾ തലയാട്ടി.നന്ദിനിച്ചേച്ചിയുടെ വാക്കുകളിൽ സ്നേഹസുഗന്ധം.

അവരുടെ വകയായി അപ്പുവിനും ശിൽപയ്ക്കും കുറേ സമ്മാനങ്ങൾ.മനോഹരമായ പേനകൾ... ര് മൂന്ന് പെൻസിൽ......മീനിന്റെ രൂപമുള്ള റബ്ബർ...ബാറ്ററിയിൽ ഓടുന്ന ഒരു കാറും.

## രണ്ട് -ശിൽപയുടെ അപ്പു

മറ്റുകുട്ടികളാരും എത്താഞ്ഞതിനാൽ ഇലഞ്ഞിമുത്തച്ഛന് ചോട്ടിൽ മെത്തവിരിച്ചപോലെ പൂക്കൾ.

ശിൽപയും അരുണും ലേഖയും ആർത്തിയോടെ പൂക്കൾ പെറുക്കാൻ തുടങ്ങി.

ഇടയ്ക്ക് കാറ്റടിച്ചപ്പോൾ പൂമഴ
മൂവരും കുമ്പിൾ നിറയെ പൂപെറുക്കി.
അപ്പോഴും അവിടെ ചിതറിക്കിടക്കുന്ന പൂക്കൾ ഉപേക്ഷിച്ചു പോരാൻ  അവരുടെ മനസ്സ് അനുവദിക്കാത്തപോലെ.
ഈ പൂവെല്ലാം കോർത്ത് മാലകെട്ടിക്കഴിയുമ്പം നേരെത്ര കഴിയും.

ലേഖയാണ് പറഞ്ഞത്.
ഇന്ന് ശനിയാഴ്ച്ചയല്ലേ.സ്കൂളില്ലല്ലോ.
എന്നാലും പ്രശ്നാണ് അരുൺ.ശിൽപ പറഞ്ഞു.

പൂകോർത്ത് സമയം പോക്ക്യാൽ തിങ്കളാഴ്ച്ചത്തേക്ക് ചെയ്യാൻ കാര്യങ്ങൾ ഏറെയു്.

എന്നാൽ നമുക്ക് മടങ്ങാം. അരുൺ ശിൽപയോടു പറഞ്ഞു.

ഇലഞ്ഞിമുത്തച്ഛാ ഞങ്ങള് തൽക്കാലം പോവ്വാ.പഠിക്കാനു് . അടുത്തോസം വരാം.
ശിൽപ സ്നേഹത്തോടെ പറഞ്ഞു.അപ്പോൾ ഇലഞ്ഞിരത്തിൽ

കാറ്റ് വീശി.ഇലകൾ പാട്ട് പാടി.ഇലക്കൂട്ടിനുള്ളിൽ നിന്നും ഒരുകൂട്ടം കുരുവികൾ പുറത്തേക്ക് പറന്നുനപോയി.
മൂവർ സംഘം തിരിച്ചുനടന്നു.
അപ്പു ഉണർന്നിട്ടുാവും.െന്നെകാണാഞ്ഞാൽ ഓന് സങ്കടാവും.നമുക്ക് വേഗം നടക്കാം.
ശിൽപയുടെ സ്കൂളിനടുത്താണ് അനുജന്റെ നഴ്സറി.
ആദ്യമൊക്കെ നഴ്സറിയിൽ പോകാൻ കൂട്ടാക്കാതെ അപ്പു ശാഠ്യം പിടിച്ച് കരയുമായിരുന്നു.
ശീലത്തിന്റെ ഭാഗമായതോടെ ഇപ്പോളവന് നഴ്സറിയിൽ പോകാൻ മടിയൊന്നുമില്ല.

## മൂന്ന് -നാണ്യമ്മ

അപ്പുവിന് നല്ല കഥകളും പാട്ടുകളുമറിയാം. ശിൽപയെ പ്പോലെ അവനും പഠിക്കാൻമിടുക്കനാണ്. കാര്യങ്ങൾ ഒരു പ്രാവശ്യം

കേട്ടാൽ മതി അവനത് മനഃപാഠമാക്കാൻ.അമ്മ അപ്പുവിന്റെ മിടുക്കിനെപ്പറ്റി ആരോടും പറയാറില്ല. പ്രത്യേകിച്ച് അയൽക്കാരിയായ നാണിയമ്മയോട്.

ഇടക്കവർ വീട്ടിൽ വരും.

പത്തോ അമ്പതോ കടം വാങ്ങും.അവരുടെ മക്കളെ കൊ് തന്നെ

കുറ്റം പറയും. അമ്മയ്ക്ക് അത്തരം സംസാരം കേൾക്കുനത്തേ ഇഷ്ടമല്ല.

പലപ്രാവശ്യം കടം വാങ്ങിയാൽ ഒരിക്കലെങ്കിലും തിരിച്ചുകൊടുത്താലായി.അവരുടെ വീട്ടിൽപ്പോകാൻ മുത്തശ്ശിയും അമ്മയും ശിൽപയേയും അപ്പുവിനേയും സമ്മതിക്കാറില്ല.

നാണ്യമ്മയും മക്കളും തമ്മിൽ വീട്ടിലെന്നും വഴക്കാണ്.നാണ്യമ്മയുടെ ഭർത്താവ് നാടുവിട്ട് പോയിട്ട് വർഷങ്ങളായി. ഇപ്പോൾ എവിടെയാണെന്ന് ഒരു വിവരവുമില്ല.

"ശ്രീജേ ഞ്ഞി മക്കളെ കൊറച്ച് ഉപ്പും കടൂം കൂടിയ്ഞ്ഞിട്ടൊ. ഓളെകണ്ണ് വല്ലാത്തൊരു........."

അമ്മ ഉള്ളിൽ ചിരിച്ചെങ്കിലും മുത്തശ്ശിയെ എതിർക്കാൻ പറ്റാത്തതിനാൽ ശിൽപയേയും അപ്പുവിനേയും ഉപ്പും കടുകും കൊ്

ഉഴിഞ്ഞഇടും.അടുപ്പിൽ കിടന്ന് അവ പൊട്ടിത്തെറിക്കുമ്പോൾ മുത്തശ്ശി വിളിച്ചു പറയും.

"കാേ ഓളെ കരിങ്കണ്ണ് പൊട്ട്ണേ....."

ഉപ്പും കടുകും അടുപ്പിലിട്ടാൽ പൊട്ടിത്തീരുകയല്ലാതെ എന്താവാനാണ് ഉള്ളിലോർത്തങ്കിലും ശ്രീജ അമ്മയോട് തർക്കത്തിന്

നിന്നില്ല.

## നാല് - മുത്തശ്ശി

രാത്രി ഗൾഫിൽ നിന്ന് അച്ഛന്റെ ഫോൺ വന്നു.

ശിൽപയാണ് ഫോണെടുത്തത്. അപ്പുറത്ത് അച്ഛന്റെ മധുരമൊഴി.

"മോളിന്ന് സ്കൂളിൽ പോയില്ലേ.അപ്പു ഉറങ്ങ്യോ."

"അപ്പു ഉറങ്ങ്യച്ഛാ. ഓനെന്റെ കൂടെത്തന്നയാ നഴ്സറീല് വര്ന്നെ. അപ്പൂന മോള് നല്ലോണം ശ്രദ്ധിക്കണം. മുത്തശ്ശീം അമ്മേം

പറഞ്ഞ്തീരും മുമ്പ് അമ്മ ഓടി വന്ന് ഫോൺ വാങ്ങി. പിന്നെ കുറേ നേരം അച്ഛനുമമ്മയുമായി സംസാരം.ഇടക്ക് മുത്തശ്ശിയുടേയും ശിൽപയുടേയും അപ്പുവിന്റേയും പേര് പറയുന്നുായിരുന്നു.

ഫോൺ വെച്ചശേഷം മകന്റെ വിശേഷങ്ങൾ അമ്മ

മുത്തശ്ശിയോടു പറഞ്ഞു.

"ഓനിപ്പേങ്ങാൻ വരുന്നുോ?"

"ഇല്ലമ്മേ പോയിട്ട് ഏഴ്മാസല്ലേ ആയുള്ളൂ." കൊല്ലത്തിലൊരിക്കലേ കമ്പനി ലീവ് കൊടുക്കൂ.

"കണ്ണെത്താത്ത ദൂരത്ത് മരുഭൂമീല്ന്റെ മോൻ......"

മുത്തശ്ശിയുടെ തൊ ഇടറി. അമ്മയ്ക്കും മുഖം വല്ലാതെ.....

അച്ഛന്റെ ഫോൺ വരുമ്പോഴൊക്കെ മുത്തശ്ശിയ്ക്ക് സങ്കടം വരാറു്. ഒരിക്കൽപോലും അച്ഛനുമായി മുത്തശ്ശി ഫോണിൽ സംസാരിച്ചില്ല.

"ഓനോട് ഫോണിൽ സംസാരിച്ചാൽ എത്രപിടിച്ച് നിക്കാൻ നോക്കയാലും ഞാൻ കരഞ്ഞോവും.അത് ഓന് വെഷമാവും. എ

ന്തിനാ വെറുതേ ഓനൊരു......."

മുത്തശ്ശി ആരോടെന്നില്ലാതെ പറഞ്ഞു.

പകൽ കൂടുതൽ സമയവും മുത്തശ്ശ ടി.വീന്റെ മുമ്പിലായിരിക്കും.

സന്ധ്യയായാൽ വിളക്കിനു മുമ്പിലിരുന്ന് ചെറുമക്കളോടപ്പം നാമജപം.

ഹരികീർത്തന നാമവും ജ്ഞാനപ്പാനയുമെല്ലാം മുത്തശ്ശിയ്ക്ക മനഃപാഠമാണ്.

വെളുത്ത ആകാശം പോലെയാണ് മുത്തശ്ശിയുടെ തലമുടി.

ഇടക്കെവിടെയും ഒരു കറുപ്പ് കാണാൻ കഴിയില്ല. എങ്കിലും പ്രയത്തിന്റെ ക്ഷീണമൊന്നും മുത്തശ്ശിയെ ബാധിച്ചിട്ടില്ല. കണ്ണടവെക്കാതെ തന്നെ പുസ്തകങ്ങൾ വായിക്കും.

എന്നും കുളിക്കും.

എല്ലാകാര്യത്തിലും വൃത്തി വേണമെന്ന ശാഠ്യക്കാരിയാണ്

# അഞ്ച്- ആഗ്യപ്പാട്ട്

മഴയുടെ ലക്ഷണങ്ങൾ കാണാൻ തുടങ്ങിയിട്ട് ദിവസങ്ങളായി.

ഒരു മഴ പെയ്തിറങ്ങേയെങ്കിൽ.....

നീലച്ചിളുകളെ കരിമേഘങ്ങൾ വിഴുങ്ങിയതിനാൽ ഇരുളിന് വല്ലാത്ത കട്ടി. തണുത്ത കാറ്റ് വീശുന്നു്.

കടലാസുതോണി ഉാക്കിയാലോ.

മഴ പെയ്താൽ ഇറയത്ത് തോണിയിറക്കാം.

തോണിയിൽ ഈർക്കിലിയുടെ പങ്കായം കുത്തി വെക്കാം.

എന്നിട്ട അതിനുമുകളിൽ ഒന്നോ രോ ഉറുമ്പുകളെയും നിർത്താം.

അപ്പുവിന് ശിൽപ തോണിയും വിമാനവും ഉാക്കികൊടുക്കാറു്. അവന് പറത്താൻ വല്യ ഇഷ്ടമാണ്.

മുകളിലേക്ക് പോയി താഴേക്ക പറന്നിറങ്ങുന്ന വിമാനം നോക്കി അപ്പു കൈമുച്ചിച്ചിരിക്കും.

ഞാൻ വല്യ ആളായാൽ ആകാശത്തുകൂടെ വിമാനം പറക്കും.

അപ്പു കൊഞ്ചി കൊ് ചേച്ചിയോട് പറയും.

കഴിഞ്ഞ ദിവസം അവൻ പറത്തിയ വിമാനം ചിലന്തിവലയിൽ കുരുങ്ങിക്കിടന്നു. അത് കപ്പോൾ അവന് സങ്കടം.

"ചേച്ചീന്റെ ബീമാനം...വലയിൽ കുടുങ്ങി ഒറ്റക്ക്......"

ശിൽപ ചിരിച്ചു.ചെറിയൊരു വടിക്കഷ്ണമെടുത്ത് അവൾ വിമാനം തട്ടി താഴെയിട്ടു.

അപ്പുവിന്റെ കണ്ണുകലിൽ സന്തോഷത്തിന്റെ നക്ഷത്രത്തിളക്കം.

യശോദരൻ മാഷ് യാത്രനുഭവം നിങ്ങൾക്കിഷ്ട്ടപ്പെട്ട രൂപത്തിൽ

കഥയായോ കവിതയായോ കുറിപ്പായോ എഴുതി വരാൻ പറഞ്ഞ കാര്യം ശിൽപ അപ്പോഴാണ് ഓർത്തത്.

എന്താണെഴുതേത്.

കഴിഞ്ഞതവണ അച്ഛൻ വന്നപ്പോൾ മൈസൂരിൽ പോയിരുന്നു. മൈസൂരിനെ കുറിച്ചെഴുതാം.

വൃന്ദാവനം അവിടത്തെ പൂന്തോട്ടവും സംഗീതജലധാരയും മനസ്സിൽ മായായതെയു്. ചാമുണ്ഡീക്ഷേത്രവും.

ദീപങ്ങളാൽകനകശോഭ പെയ്ത കൊട്ടാരവു മൃഗശാലയും ഇന്നലെ കമ്ടപോലെ ഓർമ്മയിൽ.ശിൽപ പേപ്പെറുടുത്ത് ആഗ്യപ്പാട്ട്

രൂപത്തിൽ എഴുതാൻ തുടങ്ങി.
മഹിഷനഊരാം മൈസൂരിൽ

കുട്ടികൾഞങ്ങൾ ചെന്നപ്പോൾ
കാരൊരു കാഴ്ച്ചകൾ വർണ്ണിക്കാൻ
ഇത്തിരിനേരമെടുക്കട്ടെ
തലയാട്ടിക്കൊതിരേറ്റു.
വൃന്ദാവനിയിലെ മലർനിരകൾ
നൃത്തംചെയ്തു രസിപ്പിച്ചൂ
ഒളിചിതറീടും ജലധാര
കണ്ണുകളായിരമൊരിമിച്ചു
കൊട്ടാരത്തിൻ ചുമരുകളിൽ
ആനകൾ മസ്തകമാട്ടുമ്പോൾ
പുലിസിംഹങ്ങളുമലറുന്നു.
മയിലുകൾപീലിവിടർത്തുന്നു.
പക്ഷികൾകലപില കൂട്ടുന്നു.
കാഴ്ച്ചകൾ കാണാനനവധിയേ
കാണാൻ നേരം കുറവാണേ.
യശോധരൻമാഷ്ക്ക് സന്തോഷമാവും.
നാളെ നോട്ടിൽ മാഷ് ചുവപ്പുമഷികൊ് ശരിയിട്ടുതരും. ശിൽപ യുടെ നോട്ടിൽ ചുവപ്പുമഴിയിലിട്ട ശര്കൾ ഒരുപാടു്. അപ്പു ചിലപ്പോൾ

ചേച്ചിയുടെ നോട്ടെടുത്ത് അവൾക്ക് കിട്ടിയ ശരികൾ എണ്ണിനോക്കാറു്.

## ആറ് –ഒരു പ്രാർത്ഥന

രാവിലെ എഴുന്നേറ്റ് പല്ലുതേച്ച് മുഖം കഴുകി വരുമ്പോൾ അമ്മ പറഞ്ഞു.

“തിരക്കിട്ടു കുളിക്കേ. ഇന്ന് സ്കൂളില്ല. ഹർത്താലാ”

“ഇന്നലെ രാത്രി അടിപിടീം ബഹളവും വീും തുടങ്ങി.ഒരുപാട് കടകളും വാഹനങ്ങളും കത്തിച്ചിട്ടു്.ഒരാള് ബോംബേറിൽ മരിച്ചു.ഇനീപ്പം എന്തല്ലാാവാന്ന് ആർക്കറിയാം”

“ടീവീലത കത്ത്ന്ന അങ്ങാടികാണിക്കുന്നു.ഇതേടച്ചെന്ന്

അവസാനിക്കെബന്റെ ശിവനേ..... ”

മുത്തശ്ശി  പറഞ്ഞപ്പോൾ ശിൽപയും ടീവിയിൽ ശ്രദ്ധിച്ചു.
തീക്കെടാത്ത അങ്ങാടി പുകയുകയായിരുന്നു.
നിറയെ പോലീസ് വാഹനങ്ങൾ.
പോലീസുകാരുടെ പടതന്നെ
മുമ്പ് നടന്ന ലഹളയിൽ രഘുവിന്റെ വീട് തകർത്തിരുന്നു.രഘുവിന്റെ അച്ഛൻ ഒന്നിന്റെയും പ്രവർത്തകനല്ല. വയറിങ്ങിന്റെ പണിക്കാരൻ. ഒരു ദിവസം പോലും വിശ്രമിക്കാതെ പണിക്കുപോയിരുന്നു.

എന്നിട്ടും....
ബോംബെറിഞ്ഞപ്പോൾ മാറിപ്പോയതാണുപോലും.
ഭാഗ്യത്തിന് വീട്ടിനകത്ത് ഉറങ്ങിക്കിടക്കുന്ന രഘുവിനും അച്ഛനും അമ്മയ്ക്കും ഒന്നും കാര്യമായ അപകടമൊന്നും പറ്റിയില്ല.
സംഭവത്തിന്റെ ബഹളം കേട്ട് പേടിച്ചുപോയ രഘുവിന്റെ അമ്മ മാനസികമായി തകർന്നുപോയി. അവർ ആരോടും സംസാരിക്കാതെയായി.വീടിന്റെ ഏതെങ്കിലും മൂലയിൽ പോയിരിക്കും,രാത്രികളിൽ അവർ അലറിക്കരയും.
രഘു ക്ലാസ്സിൽ വന്ന് അമ്മയെക്കുറിച്ചു പറയുമ്പോൾ കൂട്ടുകാർക്കെല്ലാം സങ്കടം വരും.
“എന്റെ അമ്മ ഇപ്പം ചിരിക്കാറില്ല.ദിവസോം സ്കൂളിൽ നിന്ന് ചെല്ലുമ്പോ എന്റെ പുസ്തകോം ചോറ്റുപാത്രവും വാങ്ങി വെക്കുന്ന

അമ്മ എന്നെയിപ്പം തിരിഞ്ഞുനോക്കാറില്ല. മോന്തിക്ക് ലൈറ്റ്

ഓഫാക്ക്യാൽ കൊല്ലാൻ വരുന്നേന്നും പറഞ്ഞ് അമ്മ നെലവിളിക്കും”
രഘുവിപ്പോൾ പതിവായ് സ്കൂളിൽ വരാറില്ല.
രഘുവിന്റെ അമ്മയുടെ അവസ്ഥ ശിൽപയുടെ ഉള്ളിൽ വല്ലാത്തൊരു നോവായി........
ഇത്തരം അനുഭവങ്ങൾ ഇനി ആർക്കും ഉാവരുതേ എന്ന് ശിൽപ മനസ്സുരുകി പ്രാർത്ഥിച്ചു.

## ഏഴ് –തേങ്ങൽ

സ്കൂള് ഉായിരുന്നെങ്കിൽ

യശോധരൻ മാഷ് പറഞ്ഞ ഹോം വർക്ക് കാണിക്കാമായിരുന്നു.
പൂവിലേയും പൂമ്പാറ്റകളെയും പറ്റി ശിൽപ കവിതകൾ എഴുതിയിട്ടു്. യശോധരൻ മാഷ് കവിത വെട്ടിത്തിരുത്തി ശരിയാക്കികൊടുക്കാറു്. കഴിഞ്ഞതവണ അച്ഛൻ വന്നപ്പോൾ കൊടുത്ത ഡയറിയിലാണ് ശിൽപ കവിത കുറിക്കാറുള്ളത്.

രഘുവിന്റെ അമ്മയെക്കുറിച്ച് ശിൽപ ഒരു കവിതയെഴുതി. തേങ്ങൽ എന്നാണ് അവൾ കവിതയ്ക്കി നൽകിയ പേര്.

യശോധരൻ മാസ്റ്ററുടെ നിർദ്ദേശപ്രകാരം അവൾ തേങ്ങൽ ക്ലാസ്സിൽ വായിച്ചു.

കവിത കേട്ട ക്ലാസ്സിലാകെ മൂകത.

ശിൽപയുടെ പുതിയ കവിത മാഷ് മറ്റ് സഹപ്രവർത്തകരേയും ഹെഡ്മിസ്ട്രസ്സ് സരോജിനിടീച്ചറേയും കാണിച്ചു. പിന്നെ മാഷ് തന്നെ കവിത ചെറിയ തിരുത്തലുകളോടെ സംസ്ഥാനതലമത്സരത്തി ലേക്കയച്ചു.

ഒരിക്കൽ അയച്ച കവിതയെപ്പറ്റി ശിൽപ ചോദിച്ചപ്പോൾ മാഷ് പ റഞ്ഞു.

"സമയമാകുമ്പോൾ അറിയാം"

"ശിൽപേ ഒഴിവുസമയങ്ങളിൽ നീ പുസ്തകൾ വായിക്കണം.ഏറെ വായിച്ചാലേ നന്നായി എഴുതാൻ പറ്റൂ. ഒരുപാട് മഴപെയ്യുമ്പോൾ ഭൂമീല് ഉറവയുാവുന്നത് നീ കാണാറില്ലേ.അത് പോലെ ഒരുപാട് വായിച്ചാൽ മനസ്സിൽ ഉറവയുാവും. മനസ്സിന്റെ ഉറവയാണ് എഴുത്ത്."

അന്ന് മാഷ് ക്ലാസ്സിൽ വൈലോപ്പിള്ളിയുടെ മാമ്പഴം ചൊല്ലിത്തന്നു. കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകി.

അവൾ അപ്പുറത്തിരിക്കുന്ന ലേഖയേയും ശാരിയേയും സരയവും നോക്കി. അവരുടെ കണ്ണുകളിലും ഇത്തിരി നനവ്.

## എട്ട് - പൂക്കളം

മാനം തെളിഞ്ഞു.

പൊന്നിൻ കതിർക്കുലയുമായി ചിങ്ങമാസം വിരുന്നിനെത്തി. ഓണം

വരുന്നു. മാവേലിത്തമ്പുരാൻ പ്രജകളെ കാണാൻ എത്തുന്ന തിരുവോണം!

പൂക്കളം തീർക്കാം

പുത്തനുടുപ്പുകൾ വാങ്ങാൻ അമ്മയോടും അപ്പുവിനോടുമൊത്ത് നഗരത്തിൽ പോകാം.

മുത്തശ്ശിക്ക് യാത്രയോട് താല്പര്യമില്ല. ഏത് കെ് മുത്തശ്ശിക്ക് വേത് അമ്മ വാങ്ങിക്കുകയാണ് പതിവ്.

ഓണത്തിന് അച്ഛൻ നാട്ടിലുാവില്ലല്ലോ എന്നോർത്തപ്പോൾ ശിൽപയ്ക്ക് സങ്കടം.

മുത്തശ്ശിയാണ് തിരുവോണനാളെത്തുന്ന ഓണത്തപ്പന് അരിയും പണവും കൊടുക്കുക.

ശിൽപക്കും അപ്പുവിനും ഓണത്തപ്പൻ പൊട്ട് കുത്തികൊടുക്കും.

വീട്ടുകോലായിൽ വലിയ പൂക്കളം കാണുമ്പോൾ ഓണത്തപ്പന് സന്തോഷം. എന്നാൽ നാടൻപൂക്കൽക്ക് പകരം പണം കൊടുത്തുവാങ്ങുന്ന പൂക്കളാണെന്നറിയുമ്പോൾ ഓണത്തിനല്പം നിറം കുറവ്.

കർക്കിടത്തിൽ വറുതിക്കിടയിൽ വരുന്ന പാട്ടുകാരെ കുറിച്ചും മുത്തശ്ശി ശില്പയ്ക്ക്  പറഞ്ഞുകൊടുത്തു.മുത്തശ്ശിയടെ കഥകേൾക്കാൻ അപ്പുവിനും വല്യ ഇഷ്ടമാണ്. ശശി മാമനാണ്

നഗരതത്തിൽ നിന്നും പൂക്കൾ വാങ്ങി വരുന്നത്. ശശിമാമനും

ഉഷച്ചേച്ചിക്കും നഗരത്തിലാണ് ജോലി.അവധികിട്ടുമ്പോൾ ചിന്നുമോളുമായി അവർ നാട്ടിൽ വരും.

ചിന്നുമോൾക്ക് ര് വയസ്സ് തികയുന്നതേയുള്ളൂ. അവളുടെ ചിരികാണാൻ പ്രത്യേക ഭംഗ്യാണ്.

അച്ഛനോടൊത്ത് ഒരിക്കൽ ഞങ്ങൾ ശശിമാമന്റെ ജോലി സ്ഥലത്ത് പോയിട്ടു്. അവിടെ വാടകവീട്ടിൽ ര് മൂന്നുദിവസം തങ്ങിയാതിന് ശേഷമാണ് മടങ്ങിയത്.

# ഒൻപത് :

ദിനകരേട്ടനും നന്ദിനിച്ചേച്ചിയും രാഹുലും നാട്ടിലെത്തിയിട്ട്. അവരിനിടിരിച്ചുപോകുന്നില്ല.

പഴയവീട് പൊളിച്ച് പുതിയത് പണിയാൻ പോവുകയാണെന്ന് അമ്മ പറഞ്ഞു.

തിരക്കിട്ടാണ് പണികൾ തുടങ്ങിയത്.

പണിയെടുക്കുന്നവർ വ്ന്ന് ഓടിളക്കി മരമിളക്കി വീട് പൊളിച്ചുമാറ്റിത്തുടങ്ങി.

ഒരു കുഞ്ഞിന്റെ പാൽപ്പല്ലിളക്കുമ്പോലെ കല്ലുകൾ ഓരോന്നായി ഇളക്കിപ്പറിച്ചുതുടങ്ങി.

വീട് നിന്നിരുന്ന സ്ഥാനത്തിപ്പോൾ ഒരു മൺതറമാത്രം.രാവിലെ ഒരു അലർച്ചകേട്ടാണ് ശിൽപ ഉറക്കം ഞെട്ടിയത്.

കോലായിലിറങ്ങുമ്പോൾ കു ഒരു യന്ത്രരാക്ഷസൻ ദിനകരേട്ടന്റെ പറമ്പ് ഇളക്കികുഴച്ചു മറിക്കുന്നു. എത്ര വേഗമാണ് മണ്ണും കല്ലുകളും ദൂരത്തേക്ക് മാറ്റി ഒരു റോഡ് പണിതത്.

മുത്തശ്ശി പറഞ്ഞു തന്ന കഥയിലെ നെറ്റിയിൽ കണ്ണുകളള്ള രാക്ഷസന്റെ പുതിയ രൂപം തന്നെയാണിത്.

പഴകിയ പൂരത്തറയാണിപ്പോൾ യന്ത്രരാക്ഷസൻ ഭക്ഷിച്ചു കൊിരിക്കുന്നത്!

മഴുവും കയറുമായി വന്നവർ ഇലഞ്ഞിമുത്തശ്ശന്റെ അടുത്തേക്ക് നീങ്ങുന്നത് കപ്പോൾ ശിൽപയുടെ ഉള്ളൊന്നു കാളി. ....

ഇനി പൂമഴ ചൊരിയാൻ ഇലഞ്ഞിമുത്തച്ഛൻ.....

ശാഖകളും ഇലകളഉം അരിഞ്ഞുമാറ്റി നഗ്നയാക്കപ്പെട്ട ഇലഞ്ഞിമുത്തശ്ശൻ ഒടുവിൽ നിസ്സഹായനായി കരഞ്ഞ് കരഞ്ഞ്

തളർന്നു വീണു.

ചിതയിലേക്കെടുക്കാൻ പുതപ്പിച്ച് കിടത്തിയ ഒരു മൃതശരീരം പോലെ ഇലഞ്ഞിമുത്തച്ഛൻ നിശ്ചലം കിടന്നു.

ഹൃദയഭേദകമായ ആ കിടത്തം കാണാൻ കഴിയാതെ ശിൽപ

വീട്ടിനകത്തേക്ക് പോയി.

## പത്ത് - ഒരു കവിത

അമ്മ ചായയും പലഹാരവുമെടുത്തു വെച്ച് വിളിച്ചെങ്കിലും ശിൽപയ്ക്ക് ഒരു വല്ലായ്മ പോലെ. .....

കിടക്കയിൽകിടന്ന് അപ്പുവിന്റെ പിറന്നാൾ ആൽബം അലസമായി

മറിച്ചുനോക്കുനന്തിനിടയിൽ ഫോൺ ബെല്ലടിച്ചു. അമ്മ അപ്പുറത്തായതിനാൽ ശിൽപ തന്നെ ഫോൺ അറ്റന്റു ചെയ്തു.

അപ്പുറത്ത് യശോധരൻ മാഷാണ്.

ശിൽപ എന്തെങ്കിലും ചോദിക്കാൻ തുടങ്ങും മുമ്പ് മാഷ് ആവേശത്തോടെ പറഞ്ഞുതുടങ്ങി.

"ശിൽപേ നിനക്കൊരു സന്തോഷ വാർത്ത .നിന്റെ "തേങ്ങൽ " എന്ന കവിതയ്കക്ക് സംസ്ഥാനതല മത്സരത്തിൽ ഒന്നാം സ്ഥാനം."

"എന്റെ കവിത ......" ബാക്കി പറയാൻ കവളയാതെ അവളുടെ ശബ്ദം ഇടറി. കണ്ണുകൾ നനഞ്ഞു.

സ്കൂളിൽ വിവരമറിയിച്ചത് ഇപ്പോഴാണ്. നാളത്തെ പത്രങ്ങളിൽ വിശദമായ വാർത്തയും നിന്റെ ഫോട്ടോയും വരും.....

ശിൽപ ഫോൺ വെച്ച് മുത്തശ്ശിയേയും അമ്മയേയും വിവരമറിയിച്ചു. നിഷ്കളങ്കമായി ചിരിക്കുന്ന അപ്പുവിന് ഒരു മുത്തം കൊടുത്തു.

ഗൾഫിൽ അറിയിച്ചപ്പോൾ അച്ഛന് മകളെയോർത്ത് അഭിമാനം. അച്ഛന്റെ വാക്കുകളിൽ സ്നേഹത്തിന്റെ കുളിർമഴ.

പകൽമുഴുവൻ ഫോണിലൂടെ അനുമോദന പ്രവാഹമായിരുന്നു.

സരോജിനി ടീച്ചർ മറ്റ് അധ്യാപകർ ബന്ധുക്കൾ സുഹൃത്തുക്കൾ.....

എല്ലാവരുമായി സന്തോഷം പങ്കു വെക്കുമ്പോഴും അറുത്ത് കൊന്നിട്ട അലഞ്ഞിമുത്തച്ഛൻ ഒരു നീറ്റലായി ശിൽപയിൽ......

രാത്രി കിടന്നിട്ട് ശിൽപയ്ക്ക് ഉറക്കം വന്നില്ല.

കണ്ണടയ്ക്കുമ്പോൾ ഇലഞ്ഞിമുത്തച്ഛന്റെ രൂപം.....

ഉറങ്ങാനുള്ള എല്ലാശ്രമങ്ങളും പരാജയപ്പെടുമ്പോൾ ശിൽപ

കിടക്കയിൽ എഴുന്നേറ്റിരുന്നു. എന്തോ തീരുമാനിച്ചപോലെ കടലാസും പേനയുമെടുത്തു. പിന്നെ അവൾ എഴുതാൻ തുടങ്ങി.

ഇലഞ്ഞിമുത്തച്ഛനെ കുറിച്ച് ഒരു കവിത.
കവിത എഴുതി തീർക്കുമ്പോഴേക്കും പുറത്ത് നിലാവ് പരന്നൊഴുകി.
അപ്പോൾ ഇലഞ്ഞിപ്പൂവിന്റെ സുഗന്ധം ഒരു നനുത്തമഴയായ് ജാലകപ്പഴുതിലൂടെ ശിൽപയിലേക്ക് ഒഴുകിയിറങ്ങാൻ തുടങ്ങി......!

(അവസാനിച്ചു.)

**ടി.പി.വിശ്വനാഥൻ**

# തമിഴ് നാട്ടിൽ ഓഖി ചുഴലിക്കാറ്റ് ആടിത്തിമിർത്തപ്പോൾ













# ദുരന്ത കേരളം

2018 കേരളത്തിന്റെ ദുരന്ത വർഷമായിരുന്നു.നിപ്പയും പ്രളയവും കേരളജനതയെ കുറച്ചൊന്നുമല്ല പേടിപ്പിച്ചത്.എന്നിട്ടും കൂട്ടായ പരിശ്രമത്തിലൂടെ കേരളത്തിലെ ജനങ്ങൾ അതിനെയൊക്കെ അതിജീവിച്ചു.ഒരു നവകേരളത്തിനായി നമുക്ക് കാത്തിരിക്കാം.



# നിപ്പ ഇനി വരാതിരിക്കട്ടെ



# നീലക്കുറിഞ്ഞി പൂത്തപ്പോൾ





# മറക്കാനാവാത്ത സംഭവങ്ങൾ


The Velicham
1947 15
TRIVANDRUM Online
നമ്മൾ സ്വതന്ത്രർ
നാടെങ്ങും ആഘോഷത്തിമിർപ്പിൽ
ഇന്ത്യയെ സേവിക്കുക: നെഹ്റു
അതിർത്തിയിൽ അഭയാർത്ഥി പ്രവാഹം; ഗാന്ധിജി ചടങ്ങിനെത്തിയില്ല


TRIVANDRUM Online
The Hindustan Times
INDIA INDEPENDENT : BRITISH RULE ENDS
CONSTITUENT ASSEMBLY TAKES OVER
MOUNTBATTEN'S APPOINTMENT AS GOVERNOR-GENERAL ENDORSED
COLOURFUL CEREMONY MARKS BIRTH OF NATION
NEW STAR RISES IN THE EAST
LEADERS TELL NATION OF TASKS AHEAD
Governors Sworn In As Free India Is Born
THE PLEDGE
HOMAGE TO THE FATHER OF THE NATION
THE NEW CABINET
Blessed Dawn of Independence!
Long Live Free India!


മാതൃഭൂമി
ഗാന്ധിജി വെടിയേറ്റു മരിച്ചു
പ്രാർത്ഥനാസമയത്തെ അക്രമം
TRIVANDRUM Online


മാതൃഭൂമി
SANITARY CENTRE
ജയിച്ചു! ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്
Trivandrum Online

# ഗൈഡ് യൂണിറ്റ്

സജീവമാണ് ഞങ്ങളുടെ ഗൈഡ് യൂണിറ്റ്.വടകര യൂണിറ്റിലെ ഡി.ഒ.സിയാണ് ഞങ്ങളുടെ സ്കൂളിലെ ശശികല ടീച്ചർ.നിവേദിത ടീച്ചർ,ബിന്ദു ടീച്ചർ എന്നിവരും ഗൈഡ് ക്യാപ്റ്റൻമാരാണ്.




ഹരിനന്ദന,ദേവതീർത്ഥ,

# ഗൈഡ് യൂണിറ്റ്




RNM UPHS HSS NARIPPATTA










ദി കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്
വടകര ജില്ലാ അസോസിയേഷൻ
പ്രകൃതി സൗഹൃദ
സൈക്കിൾ റാലി

# ലിറ്റിൽ കൈറ്റ്സ്



# ജെ.ആർ.സി യൂണിറ്റ്

പപ്പൻ മാഷ്,ജ്യോൽസ്ന ടീച്ചർ എന്നിവർ നയിക്കുന്ന ജെ.ആർ.സി യൂണിറ്റ്.



# സജീവ സാന്നിധ്യം

ആരോഗ്യം,സേവനം,സൗഹൃദംഎന്ന മുദ്രാവാക്യം ജീവിതത്തിൽ പകർക്കുകയാണ് ജെ.ആർ.സി കേഡറ്റുകൾ

വെള്ളപ്പൊക്ക ധനസമാഹരണം.



കിടപ്പുരോഗികളെ സന്ദർശിക്കൽ



ഹിരോഷിമാദിന റാലി



# ക്രിയാത്മകത

തയ്യാറാക്കിയത് ഹാഷിഫ IX B




# പഴമയുടെ പ്രൗഢിയിൽ



ചിത്രശലഭങ്ങൾ




ആർ.എൻ.എം. ഹയർസെക്കന്ററി സ്ക്കൂൾ, നരിപ്പറ്റ
കേന്ദ്ര സർക്കാറിന്റെ
Inculcate Scholarship
വിജയി... അഭിൻ.എം.ജിഷ്ണു
NMMS
(National Means Cum Merit Scholarship)
വിജയികൾ...
അഭിനന്ദനങ്ങൾ
ദേവതീർത്ഥ
നിദ ഷെറിൻ
ഷഹസിയ. പി
സോന
സ്റ്റാഫ് & പി.ടി.എ


सितंबर-14
हिंदी दिवस
अ इ क म च उ
य स
हिंदी दिन की
हार्दिक
शुभकामनाएँ
गीतांजली हिंदी क्लब

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ പൂർത്തിയാക്കാൻ നിരവധി പേരുടെ സഹായസഹകരണങ്ങൾ ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അവരെയൊക്കെ മാഗസിൻ അവസാനിപ്പിക്കുമ്പോൾ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു

സുധീഷ് മാഷ്(ചീഫ് എഡിറ്റർ)
വിശ്വൻ മാഷ്(സ്റ്റാഫ് എഡിറ്റർ)
ഷിനി ടീച്ചർ
സമീറ ടീച്ചർ
ബാബു മാഷ്
അധ്യാപകർ
അധ്യാപികമാർ

ലിറ്റിൽ കൈറ്റ്സ്